# കേരള സർക്കാർ
## സംഗ്രഹം

വനം വന്യജീവി വകുപ്പ് - തൃശ്ശൂർ ഡിവിഷൻ മച്ചാട് റയിഞ്ചിലെ 1978 പൊറ്റ കൂപ്പ് 2 സിയിൽ വെട്ടിയിട്ട വിൽക്കാൻ കഴിയാതെ പോയ വിറക് കൂപ്പിൽതന്നെ ഉപേക്ഷിക്കാൻ അനുവാദം നൽകി ഉത്തരവാകുന്നു

---

വനം വന്യജീവി (ബി ) വകുപ്പ്

ജി .ഒ . (ആർടി)261/96/വനം തീയതി, തിരുവനന്തപുരം 27.6.96

---

പരാമർശം : ചീഫ് കൺസർവേറ്ററുടെ 3.4.92, 18.5.94, എന്നീ തീയതികളിലെ സി 5-5574/91 നംപർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ഡിവിഷനിൽപ്പെട്ട മച്ചാട് റയിഞ്ചിൽനിന്നും 1978 ൽ കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷമ് യൂക്കാലിപ്റ്റസ് മരം വച്ചു ിടിപ്പിക്കുന്നതിലേക്കായി കൈമ ാറിയ പൊറ്റ കൂപ്പ് 2 സിയിൽ നിന്നും 799 മരങ്ങൽ മുറിച്ച് നീക്കം ചെയ്യുകയുണ്ടായി.ആ സമയത്ത് ഉണ്ടായ തൊഴിൽ കുഴപ്പം കാരണം മുറിച്ചു മാറ്റിയ മരങ്ങളുടെ വിറക് യഥാസമയം ശേഖരിക്കാൻ കഴിഞ്ഞില്ല. കാടു കയറി കിടക്കുന്നതിനാൽ കാടു മാറ്റിവിറക് ശേഖരിക്കുവാൻ വൻ തുക മുടക്കേണ്ടിവരും. അതിനാൽ അവ കുപ്പിൽതന്നെ ഉപേക്ഷിക്കുവാൻ അനുവാദം നൽകണമെന്ന് പരാമർശത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കൂപ്പിൽ നിന്നും ശേഖരിക്കാൻ കഴിയാതെ പോയ ഉദ്ദേശം 400 മെ .ടൺ വിറക് കൂപ്പിൽതന്നെ ഉപേക്ഷിക്കുവാൻ അനുവാദം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൽ പ്രകാരം)
രമണി അബ്രാഹാം
ജോയിന്റ് സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി